HLM-0208

# The Heavenly Light Ministry

നിനക്കായ് കരുതും അവൻ നല്ല ഓഹരി
കഷ്ടങ്ങളിൽ നല്ല തുണ യേശു
കണ്ണുനീരവൻ തുടയ്ക്കും
    വഴിയൊരുക്കുമവൻ ആഴികളിൽ
    വലങ്കൈ പിടിച്ചെന്നെ വഴിനടത്തും
    വാതിലുകൾ പലതും അടഞ്ഞീടിലും
    വല്ലഭൻ പുതുവഴി തുറന്നീടുമേ  നിനക്കായ്

വാഗ്ദത്തം നമ്മുടെ നിക്ഷേപമേ
വാക്കു പറഞ്ഞവൻ മാറുകില്ല
വാനവും ഭൂമിയും മാറിടുമേ
വചനങ്ങൾക്കോ ഒരു മാററമില്ല  നിനക്കായ്

രോഗങ്ങളാൽ നീ വലയുകയോ
ഭാരങ്ങളാൽ നീ തളരുകയോ
അടിപ്പിണരാൽ അവൻ സൗഖ്യം തരും
വചനമയച്ചു നിന്നെ വിടുവിച്ചിടും
നിനക്കായ്